"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - അച്ചടക്ക നടപടി - നോർത്ത് പറവൂർ താലൂക്കിൽ കോട്ടുവള്ളി വില്ലേജിൽ ശ്രീമതി.രഞ്ജിതത്തിന്റെ പേരിലുള്ള വസ്തു ഇടപാട് - സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച പരാതി - വനം വന്യജീവി വകുപ്പിലെ സീനിയർ സൂപ്രണ്ട് ശ്രീമതി.മായാഗോപിനാഥിനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.543/2022/F&WLD തീയതി,തിരുവനന്തപുരം, 05-12-2022

---

പരാമർശം:-

1. 24.07.2015-ലെ ശ്രീമതി.രഞ്ജിതത്തിന്റെ പരാതി.
2. ഇടുക്കി ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 06.09.2016-ലെ വി.56/15 നമ്പർ അന്വേഷണ റിപ്പോർട്ട്
3. 05.08.2019-ലെ 9867/എ1/2015/വനം നമ്പർ കുറ്റപത്രം
4. 30.08.2019-ലെ ശ്രീമതി.മായാഗോപിനാഥിന്റെ പ്രതിവാദ പത്രിക.
5. 21.01.2021-ലെ സ.ഉ.(സാധാ.) നമ്പർ 16.2021/വനം നമ്പർ ഉത്തരവ്
6. 25.01.2022-ലെ ബി6-5131/2016 നമ്പർ കത്ത്.
7. 08.03.2022 തീയതിയിലെ എ1/52/2020/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
8. 22.07.2022-ലെ ശ്രീമതി.മായാഗോപിനാഥിന്റെ വിശദീകരണം.
9. 27.06.2020-ലെ ബഹു. കോടതിയുടെ Crl. M. Appeal No.1/2019 in Criminal MC No.5000 of 2019 നമ്പർ കേസിലെ വിധിന്യായം
10. 29.06.02022-ലെ ശ്രീമതി.മായാഗോപിനാഥിന്റെ അപേക്ഷ.

**<u>ഉത്തരവ്</u>**

നോർത്ത് പറവൂർ താലൂക്കിൽ കോട്ടുവള്ളി വില്ലേജ് കിഴക്കേപ്രദേശം കണ്ണംപറമ്പിൽ ശ്രീവൽസം വീട്ടിൽ ശ്രീമതി.രഞ്ജിതം, W/o.ശ്രീ.ഷാഹിദ്, ടിയാളുടെ പേരിലുള്ള കോട്ടുവള്ളി വില്ലേജ് സർവ്വേ നമ്പർ 130/5 എ2-യിൽ പ്പെട്ട 19.775 സെന്റ് സ്ഥലവും കെട്ടിടവും തീറാധാരം തയ്യാറാക്കി മകളുടെ വിവാഹ ആവശ്യത്തിനുള്ള പണം ലോണായി എടുത്തു നൽകാം എന്നു പറഞ്ഞ്, ശ്രീ.ഹരികൃഷ്ണന്റെ പേരിൽ നോർത്ത് പറവൂർ സബ് രജിസ്ട്രാർ ഓഫീസിൽ 6674/06 നമ്പരായി രജിസ്റ്റർചെയ്തു. തുടർ ന്ന് 02.09.2006-ൽ ടി സ്ഥലം ഇടപ്പിള്ളി ഇൻഡ്യൻ

ഓവർസീസ് ബാങ്കിൽ ഈട് വച്ച് ശ്രീ.കെ.ആർ.ഹരികൃഷ്ണന്റെയും ശ്രീമതി.മായാ ഗോപിനാഥിന്റെയും പേരിൽ 25 ലക്ഷം രൂപയുള്ള ലോൺ പാസ്സാക്കുകയും പരാതിക്കാരിയായ ശ്രീമതി.രഞ്ജിതത്തിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ടി തുക ട്രാൻസ്ഫർ ചെയ്യുകയും തുകയുടെ പകുതിയായ 12 1/2 ലക്ഷം രൂപ ശ്രീമതി.രഞ്ജിതത്തിന്റെ ചെക്ക് ഉപയോഗിച്ച് 2 തവണയായി ശ്രീ.ഹരികൃഷ്ണൻ എടുക്കുകയും ചെയ്തു. കൂടാതെ ശ്രീ.കെ.ആർ.ഹരികൃഷ്ണൻ, ശ്രീമതി.മായാ ഗോപിനാഥ് എന്നിവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്ക് ശ്രീമതി.രഞ്ജിതത്തിന് ലഭിച്ച 12 1/2 ലക്ഷം രൂപയുടെ ലോൺ ഗഡുക്കളായി നിക്ഷേപിച്ച 5,23,055/- രൂപ ടിയാളുകൾ കൈക്കലാക്കുകയും, ടി ലോൺ മാസ ഗഡുക്കൾ അടയ്ക്കാതെ മുടക്കം വരുത്തുകയും ചെയ്തതിനാൽ ശ്രീമതി.രഞ്ജിതത്തിന്റെ വീടും വസ്തുവും ജപ്തി ചെയ്യുന്നതിന് ബാങ്ക് നടപടികൾ ആരംഭിച്ചിരുന്നു. തുടർന്ന് ശ്രീമതി.രഞ്ജിതം ബഹു. നോർത്ത് പറവൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഫയൽ ചെയ്ത അന്യായം ബഹു.കോടതി CMP നം.435/12 ആയി ഫയലിൽ സ്വീകരിച്ച് സെക്ഷൻ 156(3) Cr. PC പ്രകാരം മേൽ നടപടിയ്ക്കായി നോർത്ത് പറവൂർ പോലീസ് സ്റ്റേഷനിലേയ്ക്ക് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നോർത്ത് പറവൂർ പോലീസ് IPC U/S 120 (B), 420, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 395/12 ആയി കേസ് രജിസ്റ്റർ ചെയ്തിരുന്നു. തുടർന്ന് ടി കേസിന്റെ അന്വേഷണം പൂർത്തിയാക്കി ശ്രീ.കെ.ആർ.ഹരികൃഷ്ണൻ ശ്രീമതി.മായാഗോപിനാഥ്, ശ്രീ.ഷെരീഫ് എന്നിവരെ പ്രതികളാക്കി 19.06.2016-ൽ ബഹു. നോർത്ത് പറവൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ്I കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

മേൽ വിഷയത്തിൽ സർക്കാരിന് പരാമർശം (1) പ്രകാരം ശ്രീമതി.രഞ്ജിതം സമർപ്പിച്ച പരാതിയിന്മേൽ പരാമർശം ( 2 ) പ്രകാരം അന്വേഷണം നടത്തിയതിൽ പരാതിയിൽ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ ശരിയാണെന്ന് കണ്ടെത്തി. ടി സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് നോർത്ത് പറവൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം കേസ് നമ്പർ 395/12-ൽ ശ്രീമതി.മായാഗോപിനാഥ് രണ്ടാം പ്രതിയും, ടി കേസിൽ ക്രിമിനൽ ഗൂഢാലോചന ഉൾപ്പെടെയുള്ള ഗുരുതരമായ വകുപ്പുകൾ ചാർജ്ജ് ചെയ്തിട്ടുള്ളതുമാണ്. പരാതിക്കാരിയുമായി സാമ്പത്തിക ഇടപാടുകൾ നടത്തിയതിലൂടെ ശ്രീമതി.മായാഗോപിനാഥ്, സീനിയർ സൂപ്രണ്ട് കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ 16-ാം ചട്ടത്തിന്റെ ലംഘനം നടത്തിയിട്ടുള്ളതിനാൽ ടിയാൾക്ക് പരാമർശം (3) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

തുടർന്ന് ശ്രീമതി.മായാഗോപിനാഥ്, സീനിയർ സൂപ്രണ്ട് പരാമർശം (4) പ്രകാരം പ്രതിവാദപത്രിക സമർപ്പിക്കുകയും ആയതിന്മേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭിപ്രായം ലഭ്യമാക്കുകയും, തുടർന്ന് കുറ്റാരോപിതയായ ശ്രീമതി.മായാഗോപിനാഥിനെ നേരിൽ കേൾക്കുകയും വകുപ്പുതല നടപടി തുടരുന്നതിന്റെ ഭാഗമായി ടിയാൾക്കെതിരെ ഔപചാരികാന്വേഷണത്തിന് പരാമർശം (5) പ്രകാരം ഉത്തരവാകുകയും ചെയ്തു. പരാമർശം (6) പ്രകാരം ഔപചാരികാന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

കുറ്റാരോപിതയ്ക്കെതിരെയുള്ള കുറ്റങ്ങൾ ഔപചാരികാന്വേഷണ റിപ്പോർട്ടിൽ

തെളിയിക്കപ്പെട്ടതിനാൽ പരാമർശം (7) പ്രകാരം ടിയാളുടെ മൂന്ന് വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ തടയാനുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിന് പരാമർ ശം ( 8 ) പ്രകാരം ശ്രീമതി.മായാഗോപിനാഥ് വിശദീകരണം സമർപ്പിക്കുകയും ചെയ്തു. തുടർന്ന് പരാമർശം (9)-ലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവു പ്രകാരം ടിയാൾക്കെതിരെ പറവൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ നിലവിലുള്ള CC 1083/2016 നമ്പർ കേസിന്റെ തുടർ നടപടികൾ സ്റ്റേ ചെയ്തിട്ടുണ്ടെന്നും, ആയതിനാൽ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടിയിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിക്കണമെന്നും അഭ്യർത്ഥിച്ച് ശ്രീമതി.മായാഗോപിനാഥ്, സീനിയർ സൂപ്രണ്ട് പരാമർശം (10) പ്രകാരം സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്

Avinash Sadashiv Bhosale (D) V/s. Union of India and other on 25th September 2012, Paul Antony V/s. Barat Gold Mindes Ltd. (1999) 3 SCC 679, State Bank of India V/s.B.R.Sharma (2004) 7 SCC 27 എന്നീ കേസുകളിലുള്ള സുപ്രീംകോടതി വിധികളുടെയും മുകളിൽ പരാമർശിച്ച വസ്തുതകളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. സുപ്രീംകോടതിയുടെ പരാമർശിത വിധിന്യായങ്ങൾ പ്രകാരം വകുപ്പുതല അച്ചടക്ക നടപടിയും ക്രിമിനൽ കേസും സമാന വസ്തുതകളെ അടിസ്ഥാനമാക്കിയുള്ളതാണെങ്കിൽ ഒരേസമയം തുടരാവുന്നതും, എന്നാൽ ക്രിമിനൽ കേസിൽ കുറ്റാരോപിതനെതിരെ ഗുരുതരമായ വകുപ്പുകളാണ് ചാർജ്ജ് ചെയ്തിട്ടുള്ളതെങ്കിൽ ക്രിമിനൽ കേസ് അവസാനിക്കും വരെ വകുപ്പുതല അച്ചടക്ക നടപടി നിർത്തി വയ്ക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീമതി.മായാഗോപിനാഥിനെതിരായ വകുപ്പ തല അച്ചടക്ക നടപടിയ്ക്ക് ആധാരമായ വസ്തുതകളും ക്രിമിനൽ കേസിന് ആധാരമായ വസ്തുതകളും ഒരേ വിഷയം സംബന്ധിച്ചുള്ളതാണ്. കുറ്റാരോപിതയ്ക്കെതിരായി ഐ.പി.സി. 120(ബി), 420 & 34 എന്നീ വകുപ്പുകൾ പ്രകാരം ചുമത്തിയിട്ടുള്ള കേസ് കോടതിയിൽ തെളിയിക്കപ്പെടേണ്ടതാണ്. വകുപ്പുതല അച്ചടക്ക നടപടി മുഖേന പ്രസ്തുത കുറ്റങ്ങൾ അന്വേഷിച്ച് കണ്ടെത്തുക പ്രായോഗികമല്ലാത്തതിനാലും, വകുപ്പുതല അച്ചടക്ക നടപടിയ്ക്ക് ആധാരമായ ക്രിമിനൽ കേസിലെ തുടർ നടപടികൾ ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ള സാഹചര്യത്തിലും, ടിയാൾക്കെതിരെയുള്ള അച്ചടക്ക നടപടി തുടരുന്നത് അഭികാമ്യമല്ലെന്നു കാണുന്നതിനാൽ നിലവിൽ നടന്നു വരുന്ന കേസിന്റെ അന്തിമ വിധിയിൽ ടിയാൾ കുറ്റക്കാരിയാണെന്ന് കണ്ട് ശിക്ഷിച്ചാൽ ആവശ്യമെങ്കിൽ പുതുതായി അച്ചടക്ക നടപടി ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയ്ക്കു വിധേയമായി ശ്രീമതി.മായാഗോപിനാഥ്, സീനിയർ സൂപ്രണ്ടിനെതിരെ നടന്നു വരുന്ന അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജീന ജെ പി
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

സ.ഉ.(സാധാ) നം.543/2022/F&WLD

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീമതി.മായാഗോപിനാഥ്, സീനിയർ സൂപ്രണ്ട്.

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

വനം വന്യജീവി (എഫ്) വകുപ്പ്

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Shaji A M
Date: 05-12-2022 13:53:32
സെക്ഷൻ ഓഫീസർ